പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3800 17.10.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം

ചോദ്യം ഉത്തരം

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. എം. എ. വാഹീദ്
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. അൻവർ സാദത്ത്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാര മേൽക്കുന്നതിന് മുമ്പ് കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിമാസ വരുമാനം എത്രയായിരുന്നു. ; | (എ) | 2011 ജനുവരി മുതൽ ഏപ്രിൽ മാസം വരെയുള്ള കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. യുടെ ശരാശരി പ്രതിമാസ വരുമാനം 112.12 കോടി രൂപയാണ്. |
| (ബി) | സർക്കാർ അധികാരമേറ്റശേഷം ഇപ്പോൾ ശരാശരി വരുമാനം എത്രയാണ് ; | (ബി) | 2011 മെയ് മുതൽ സെപ്റ്റംബർ മാസം വരെയുള്ള കണക്കുപ്രകാരം ശരാശരി പ്രതിമാസ വരുമാനം 121.47 കോടി രൂപയാണ്. |
| (സി) | 100 ദിവസത്തെ ഫലപ്രദമായ നടപടികളിലൂടെ ഓരോ മാസവും നഷ്ടത്തിന്റെ തോത് കുറക്കുവാൻ സാധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | സർവ്വീസ് കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഇന്ധനക്ഷമത മെച്ചപ്പെടുത്തുകയും നഷ്ടത്തിലോടിയിരുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കുകയും ചെയ്ത് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | നഷ്ടത്തിന്റെ തോത് കുറയ്ക്കുവാൻ കെ.എസ്.ആർ.ടി.സി. എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിയത് ? | (ഡി) | നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കുകയും വർക്ക്ഷോപ്പുകളിൽ ഉണ്ടായിരുന്ന പരമാവധി ബസ്സുകൾ അറ്റകുറ്റപ്പണികൾ നടത്തി നിരത്തിലിറക്കി സർവ്വീസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ